നം.ഡി5/26330/17/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി :27/05/2017

# സർക്കുലർ 3

വിഷയം - പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നുള്ള ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ സ്ഥാനക്കയറ്റം - തിരുത്തൽ വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന - 1) ഹയർസെക്കൻഡറി ഡയറക്ടറുടെ 27.04.2017 ലെ എഡി.ബി 7/ 20239/2016/എച്ച്.എസ്.ഇ നമ്പർ കത്ത്
2) ഈ ഓഫീസിലെ 06.05.2017 ലെ ഇതേ നമ്പർ സർക്കുലർ
3) ഈ ഓഫീസിലെ 11.05.2017 ലെ ഇതേ നമ്പർ സർക്കുലർ

ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നും ഹയർസെക്കൻഡറി പ്രിൻസിപ്പൾ സ്ഥാനക്കയറ്റത്തിന് അർഹരായവരുടെ അപേക്ഷ ക്ഷണിക്കുവാൻ സൂചന (1) പ്രകാരം ഹയർസെക്കൻഡറി ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു. 31.12.2016 വരെയുള്ള ഡിപ്പാർട്ട്മെന്റ് ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച താൽകാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകർ മാത്രം ഹയർസെക്കൻഡറി സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷ 10.06.2017 ന് മുൻപായി വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുവാൻ സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. **പ്രസ്തുത അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 30.06.2017 ആയി ദീർഘിപ്പിച്ചിരിക്കുന്നു. ഇനിയും യാതൊരു കാരണവശാലും സമയപരിധി ദീർഘിപ്പിക്കുന്നതല്ല.**

ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് മേലൊപ്പ് ചാർത്തിയ അപേക്ഷകൾ മാത്രമേ ഹയർസെക്കൻഡറി സ്ഥാനക്കയറ്റത്തിന് പരിഗണിക്കുകയുള്ളു. **നിശ്ചിത സമയപരിധിക്കുള്ളിലും വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയും അല്ലാത്ത യാതൊരു അപേക്ഷയും ഈ ഓഫീസിൽ സ്വീകരിക്കുന്നതല്ല.** മുൻപ് അപേക്ഷയും കോൺഫിഡൻഷ്യൽ റിപ്പോർട്ടും സമർപ്പിച്ചവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

D. SANTHOSH KUMAR
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താക്കൾ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ്:

ഡയറക്ടർ
ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പ്
ഹയർസെക്കൻഡറി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം